# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1237

12.06.2014-ൽ മറുപടിയ്ക്ക്

## ആസ്തിവികസന ഫണ്ട് ഉപയോഗിച്ചുള്ള റോഡ് നവീകരണവുമായി ബന്ധപ്പെട്ട ഫയലുകൾ മടക്കി അയച്ച സംഭവം

**ചോദ്യം**

ശ്രീ. പി.തിലോത്തമൻ

**ഉത്തരം**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(മരാമത്തുവകുപ്പ് മന്ത്രി)

(എ) മണ്ഡലം ആസ്തി വികസന പദ്ധതിയിൽപെടുത്തി നിർദ്ദേശിച്ചിരുന്ന 12 റോഡ് വർക്കുകളിൽ ചീഫ് എൻജിനിയർ ഓഫീസിൽ നിന്നും പൊതുമരാമത്ത് വകുപ്പിൽ ലഭിച്ചതും 6707/ പി.ഡബ്ല്യൂ.ഡി/2014/ജി നമ്പറായി ഫയൽ നമ്പരുള്ളതുമായ 9 റോഡുകളെ സംബന്ധിച്ച ഫയൽ ചീഫ് എൻജിനിയർ ഓഫീസിലേയ്ക്ക് മടക്കിയത് എപ്പോഴെല്ലാമായിരുന്നു ;

(ബി) എന്തെല്ലാം കാരണങ്ങൾ പറഞ്ഞാണ് മടക്കിയത്; സാധാരണയായി ഈ ഇനത്തിൽ സമർപ്പിക്കപ്പെടുന്ന ഫയലുകളേക്കാൾ എന്തെല്ലാം പോരായ്മകളാണ് പ്രസ്തുത ഫയലിൽ ഉണ്ടായിരുന്നത് എന്നുവിശദമാക്കുമോ ;

(എ) & (ബി) ചേർത്തല നിയമസഭാ നിയോജക മണ്ഡലത്തിലെ മണ്ഡലം ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി നിർദ്ദേശിച്ചിരുന്ന 12 പ്രവൃത്തികളിൽ 9 പ്രവൃത്തികൾ ഉൾപ്പെട്ട പ്രൊപ്പോസൽ കൈകാര്യം ചെയ്തിരുന്ന 6707/ജി1/14/പൊ.മ.വ എന്ന ഫയൽ 11.04.2014-ൽ ചീഫ് എഞ്ചിനീയർക്ക് മടക്കി നൽകിയിരുന്നു. 2013-14 സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ, 2013-14 സാമ്പത്തിക വർഷത്തിൽ ലഭിച്ച ഭരണാനുമതി നൽകാൻ കഴിയാത്ത ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ പതിവുപോലെ തിരിച്ചയച്ച കൂട്ടത്തിൽ നോട്ടപ്പിശക് മൂലമാണ് ടി ഫയൽ കൂടി മടക്കി നൽകിയത്.

(സി) റോഡുകൾ സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികൾ യോഗം ചേർന്ന് പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുന്നതിന് താല്കാലികമായി പൊതുമരാമത്തിനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനങ്ങളുടെ പകർപ്പ് പ്രസ്തുത ഫയലിൽ ഉൾപ്പെടുത്തിയിരുന്നോ; ഇല്ലെങ്കിൽ പ്രസ്തുത വിവരം ചീഫ് എൻജിനിയർക്ക് മടക്കി അയയ്ക്കുമ്പോൾ സൂചിപ്പിച്ചിരുന്നുവോ എന്നു വ്യക്തമാക്കുമോ

(സി) പഞ്ചായത്ത് തീരുമാനം പ്രസ്തുത ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ല. എന്നിരുന്നാലും ആയത് നേരിട്ട് വാങ്ങി ഫയലിൽ ഇട്ടുകയുണ്ടായി. 2013-14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തിരിച്ചയച്ച കൂട്ടത്തിൽ, 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതം സഹിതം തിരികെ ലഭ്യമാക്കുവാൻ വേണ്ടി നോട്ടപ്പിശകുമൂലം മടക്കി നൽകിയിരുന്നതിനാൽ ഇക്കാര്യം അറിയിച്ചിരുന്നില്ല.

| | |
|---|---|
| (ഡി) തിരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ ചട്ടം പിൻവലിച്ചശേഷം മടക്കി അയയ്ക്കുവാൻ ധനകാര്യ വകുപ്പിൽ നിന്നും തിരിച്ചയച്ച ഫയൽ എന്തു കാരണത്താലാണ് 21.4.2014 -ൽ ചീഫ് എൻജിനിയർക്ക് അയച്ചത് എന്നു പറയാമോ; ഫയലുകൾ ശരിയായി പഠിക്കാതെയും അവ്യക്തമായ കാരണങ്ങൾ പറഞ്ഞും ഇപ്രകാരം തിരിച്ചയയ്ക്കുകയും നടപടികൾ താമസിപ്പിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ഡി) തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം പിൻവലിച്ച ശേഷം തിരികെ ലഭ്യമാക്കുന്നതിലേക്കായി ധനകാര്യ വകുപ്പിൽ നിന്നും മടക്കിയ 6707/ജി1/14/പൊ.മ.വ എന്ന ഫയൽ 11.04.2014-ൽ ചീഫ് എഞ്ചിനീയർക്ക് മടക്കി നൽകിയത് നോട്ടപ്പിശക് മൂലമാണ്. ഇക്കാര്യം ശ്രദ്ധയിൽ-പ്പെട്ടതിനെ തുടർന്ന് തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം പിൻവലിക്കുന്നതിന് മുമ്പായി 05.05.2014-ൽ തന്നെ പ്രസ്തുത എസ്റ്റിമേറ്റ് തിരികെ വാങ്ങി ശുപാർശ ചെയ്ത് ധനകാര്യ വകുപ്പിൽ അയച്ചിരുന്ന തിനാൽ ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുകയോ മനഃപൂർവ്വമായി നടപടി വൈകിപ്പിക്കുകയോ ചെയ്തിട്ടില്ല. എങ്കിലും ഇത്തരം വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതിരിക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) ഇതേ രേഖകളും ഇതേ സാഹചര്യവുമുള്ള നിരവധി റോഡ് വർക്കുകൾക്ക് ഭരണാനുമതി നൽകിയിട്ടും ചേർത്തല മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിൽപെടുത്തിയ റോഡുകൾക്ക് ഭരണാനുമതി വൈകിപ്പിക്കുന്നത് എന്തു കൊണ്ട് എന്നു പറയാമോ; ഇപ്രകാരം ഫയലുകളിൽ നടപടി വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് അന്വേഷിച്ച് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഇ) ചേർത്തല മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തിയ റോഡുകൾക്ക് ഭരണാനുമതി നൽകുന്ന കാര്യത്തിൽ തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം മൂലമുള്ള കാലതാമസമൊഴികെ യാതൊരു വിധ കാലതാമസവും ഉദ്യോഗസ്ഥരുടെ ഭാഗത്തു് നിന്നും ഉണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ